## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1642     2-7-2015 ൽ മറുപടിയ്ക്ക്**

## ഭൂരഹിതർക്ക് വീട് നിർമ്മിയ്ക്കുന്നതിലെ തടസ്സം

| ചോദ്യം<br>ശ്രീ. പി.ടി.എ. റഹീം | | മറുപടി<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ പഞ്ചായത്തുകൾ വിലകൊടുത്തു വിതരണം ചെയ്യുന്ന ഭൂമിക്ക് പഞ്ചായത്തിൽ നിന്നും എന്തു രേഖയാണ് നൽകുന്നത്; | (എ) | നിലവിൽ ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ പഞ്ചായത്തുകൾ വില കൊടുത്ത് വാങ്ങുന്ന ഭൂമി ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുകയാണ് ചെയ്യുന്നത്. ഇപ്രകാരം രജിസ്റ്റർ ചെയ്ത് നൽകുമ്പോൾ ടി ഭൂമി ഒരുനിശ്ചിത കാലാവധി ക്കുള്ളിൽ കൈമാറ്റം ചെയ്യുകയില്ല എന്ന ഒരു കരാർ ഗുണഭോക്താവ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റർ ചെയ്ത് നൽകണം. എന്നാൽ പഞ്ചായത്തുകൾ വാങ്ങുന്ന ഭൂമി പഞ്ചായത്ത് സെക്രട്ടറി യുടെ പേർക്കാണ് രജിസ്റ്റർ ചെയ്ത് വാങ്ങുന്നതെങ്കിൽ നിശ്ചിത കാലാവധിക്കു ശേഷം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ ഗുണഭോക്താവിന് പട്ടയം ലഭിക്കാൻ അനുവാദ പത്രിക നൽകും. |
| (ബി) | അനുവാദ പത്രിക ലഭിച്ചവർക്ക് പട്ടയം ലഭിക്കാൻ അപേക്ഷ സമർപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; | (ബി) | തടസ്സങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | അനുവാദ പത്രിക ലഭിച്ചവർക്ക് എൻ.ഒ.സി നൽകാൻ നിലവിൽ എന്തെങ്കിലും തടസങ്ങളുണ്ടോ വിശദമാക്കാമോ? | (സി) | തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ